# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5113 — 06.02.2014-ൽ മറുപടിയ്ക്ക്

## നാദാപുരത്ത് ബോംബ് നിർമ്മാണത്തിനിടയിൽ യുവാക്കൾ കൊല്ലപ്പെട്ട സംഭവത്തിലെ അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.റ്റി.എ. റഹീം | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ ബോംബ് നിർമ്മാണത്തിനിടയിൽ അഞ്ച് യുവാക്കൾ കൊല്ലപ്പെട്ട സംഭവത്തിൽ ഇതുവരെ നടന്ന അന്വേഷണങ്ങൾ വിശദമാക്കാമോ; | (എ) | നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ ബോംബ് നിർമ്മാണത്തിനിടയിൽ അഞ്ച് യുവാക്കൾ കൊല്ലപ്പെട്ട സംഭവത്തിൽ 26.02.2011 -ൽ നാദാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 116/11 u/s 4&5 of ES Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ, ടി കേസ് ഊർജ്ജിത അന്വേഷണത്തിനായി, കോഴിക്കോട് ക്രൈംബ്രാഞ്ച് HHW-III യ്ക്ക് കൈമാറി. നാളിതുവരെയുള്ള അന്വേഷണത്തിൽ 33 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അന്വേഷണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത കേസിൽ എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്; എത്ര പേരാണ് ഒളിവിലുള്ളത്; | (ബി) | പ്രസ്തുത കേസിൽ 16 പ്രതികളെ അറസ്റ്റ് ചെയ്തു. 10 പ്രതികൾ കോടതിയിൽ സറണ്ടർ ചെയ്തു. 2 പ്രതികൾ ഒളിവിലാണ്. |
| (സി) | കൊല്ലപ്പെട്ട യുവാക്കളും കേസിൽ ഉൾപ്പെട്ടവരും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരായിരുന്നുവോ; | (സി) | IUML/NDF പ്രവർത്തകരാണ്. |
| (ഡി) | ബോംബ് നിർമ്മിച്ചിരുന്നതിന്റെ ഉദ്ദേശ്യം അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ടോ; | (ഡി)<br>&<br>(ഇ) | ടി കേസിന്റെ അന്വേഷണം തുടർന്നു വരുന്നു. കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഇ) | ബോംബ് നിർമ്മാണത്തിന് പിന്നിലുണ്ടായിരുന്ന ഗൂഢാലോചന സംബന്ധിച്ച് അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ